*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

143rd Issue - Volume 4, No. 24 ജാഗ്രത 23rd July 2010

*******

"Stop telling God how big your storm is. Instead, tell the storm how big your God is."

*******

**ജാഗ്രതാകമ്മീഷന്റെ പുതിയ വെബ്സൈറ്റ്**




www.kcbcsocialharmony.org

## പ്രധാന വാർത്തകൾ

വിശ്വാസത്തിനുനേരേ ഉയരുന്ന വെല്ലുവിളികൾക്ക് മറുപടി നല്കണം: മാർ ജോസഫ് പവ്വത്തിൽ

---

കത്തോലിക്കാസഭ രൂപതാവക്താക്കൾക്കുള്ള മാർഗ്ഗരേഖ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

**വിശ്വാസത്തിനുനേരേ ഉയരുന്ന വെല്ലുവിളികൾക്ക് മറുപടി നല്കണം: മാർ ജോസഫ് പവ്വത്തിൽ**



കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ സംഘടിപ്പിച്ച രൂപതാവക്താക്കളുടേയും ജാഗ്രതാസമിതി ഡയറക്ടർമാരുടേയും സംസ്ഥാനതല സമ്മേളനം ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് മാർ തോമസ് ചക്യത്ത്, ഫാ. ഭ ജോണി കൊച്ചുപറമ്പിൽ, ഡോ. സ്റ്റീഫൻ ആലത്തറ, അഡ്വ. ചാർലി പോൾ, ഡോ. ജേക്കബ് സ്രാമ്പിക്കൽ എസ്. ജെ, ഡോ എബ്രഹാം ജോസഫ്, എൽസാ ജോസ് എന്നിവർ സമീപം

വിശ്വാസത്തിനുനേരേ ഉയരുന്ന ബാഹ്യ ശക്തികളുടെ വെല്ലുവിളികൾ തിരിച്ചറിയുകയും അതിന് ശക്തമായ മറുപടി നൽകുകയും വേണമെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കെസിബിസി ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പിഒസിയിൽ വിളിച്ചുചേർത്ത കത്തോലിക്കാ രൂപത വക്താക്കളുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭ ഇന്ന് ഏറെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. സമൂഹത്തിലെ പ്രശ്നങ്ങൾ, വിശ്വാസത്തിലെ ചോർച്ച, ധാർമികമൂല്യ ങ്ങളിലെ ഇടിവ്, ബാഹ്യമായ പ്രശ്നങ്ങൾ തുടങ്ങിയവ സഭയുടെ ശുശ്രൂഷ മേഖലകളിൽ വെല്ലുവിളി ഉയർത്തുന്നവയാണ്. സമൂഹങ്ങൾ ഇല്ലാതാകുന്നത് ആന്തരികമായ വെല്ലുവിളികൾക്ക് വ്യക്തമായ മറുപടി നൽകാൻ കഴിയാതിരിക്കുമ്പോഴാണ്. ബാഹ്യശക്തികൾ ഉയർത്തുന്ന ഇത്തരം വെല്ലുവിളികൾ തിരിച്ചറിയുകയും അതിന് ശക്തമായ മറുപടി നൽകുകയും ചെയ്യുകയെന്നതാണ് ഇതിനുള്ള പോംവഴി. സമൂഹത്തിലെ എല്ലാ ചലനങ്ങളും മനസിലാക്കുകയും പ്രതികരിക്കുകയും ചെയ്യാൻ സഭയ്ക്കും വിശ്വാസികൾക്കും കഴിയുന്നുണ്ടോയെന്ന് ചിന്തിക്കണം. ഭൂരിപക്ഷ നിസംഗതയെയാണ് ഏറെ ഭയപ്പെടേണ്ടത്. സമൂഹത്തിലെ പൊതുവായ പ്രശ്നങ്ങളെ നാം തിരിച്ചറിയുന്നുണ്ടെങ്കിലും തക്ക സമയത്ത് പ്രതികരിക്കാൻ കഴിയുന്നുണ്ടോയെന്നതാണ് പ്രശ്നം. നിഷ്കളങ്കരായിരിക്കുന്നതിനൊപ്പം വിവേകമതികളുമായിരിക്കുകയാണ് വേണ്ടത്. എന്നാൽ, പ്രതികരിക്കാത്തതിനാൽ സഭയും വിശ്വാസികളും നിസംഗരാണെന്നതാണ് സമൂഹത്തിന്റെ ധാരണ. സഭയുടേതായ ശൈലിയിലുള്ള പ്രവർത്തനത്തിലൂടെയായിരിക്കണം പ്രതികരിക്കേണ്ടത്. ഇന്ന് സംസ്ഥാനം ഭരിക്കുന്ന സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾ ഉൾപ്പെടെയുള്ളവയെല്ലാം സമൂഹത്തെ തെറ്റായ പാതയിലേക്ക് തള്ളിവിടുന്നതാണ്. പ്രത്യയ ശാസ്ത്രത്തിനനുസരിച്ച് സമൂഹത്തെ വാർത്തെടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇടതു ഭരണത്തിലുള്ള സംസ്ഥാനങ്ങളിൽ കേരളത്തിൽ മാത്രമാണ് പ്രത്യയ ശാസ്ത്രത്തിന് ശക്തമായ വേരോട്ടമുണ്ടാക്കാൻ ശ്രമിക്കുന്നതെന്നും ആർച്ച്ബിഷപ് കുറ്റപ്പെടുത്തി. വിദ്യാഭ്യാസ രംഗത്തുൾപ്പെടെ സെൽഭരണം കൊണ്ടുവരാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തെ തിരിച്ചറിയണം. വിശ്വാസപരവും പ്രായോഗിക ുമായ നിലപാടുകളാണ് ഇക്കാര്യത്തിൽ സഭ സ്വീകരിക്കുന്നത്. മത വിശ്വാസികളുടെ സമഗ്രജീവിതത്തെ ഭദ്രമാക്കാനുള്ള സഭയുടെ ശ്രമമാണ് ഇടയലേഖനങ്ങൾ. വിശ്വാസിയെ സംബന്ധിക്കുന്ന കാര്യമാകയാൽ അവരുടെ പൊതു ജീവിതത്തെപ്പറ്റിയും ഇടയലേഖനത്തിൽ പരാമർശിക്കേണ്ടിവരുമെന്ന് ഇടയലേഖനങ്ങൾക്കെതിരായി ഉയർന്നിട്ടുള്ള അഭിപ്രായങ്ങളെ ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു. വർഗീയതയും തീവ്രവാദവും തെറ്റാണെന്നും രാഷ്ട്രീയലക്ഷ്യങ്ങൾക്കോ മതാധിപത്യത്തിനോ വേണ്ടിയോ, വിശ്വാസത്തെ മറയാക്കിയോ ഉള്ള പ്രവർത്തനങ്ങളെ സഭ അംഗീകരിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. വർഗീയത മതവിശ്വാസത്തിന്റെ ദുരുപയോഗമാണ്. സഭയ്ക്കെതിരേ ഭരണതലത്തിൽ നിന്നുൾപ്പെടെ ഉയരുന്ന വിമർശനങ്ങൾ സഭയുടെ വിശ്വാസവളർച്ച കണ്ട് അസൂയപ്പെടുന്നവർ പറഞ്ഞു പരത്തുന്നവയാണ്-ആർച്ച്ബിഷപ് പറഞ്ഞു.

ഇന്ന് തെരുവിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്ന അവസ്ഥയാണുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന ബിഷപ് മാർ തോമസ് ചക്യത്ത് പറഞ്ഞു. ഈശ്വര വിശ്വാസ ത്തിന് എതിരായ ചിന്തകൾ ഉണ്ടായിവരുന്നുണ്ട്. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ സഭ അതിന്റെ പ്രവർത്തനങ്ങൾ വിജയ ത്തിലെത്തിച്ചത് അർഥപൂർണമായ സംവാദത്തിലൂടെയാണ്. കേരളത്തിലും സഭ അത്തരമൊരു സ്നേഹസംവാദമാണ് ആഗ്രഹിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ജാഗ്രതാകമ്മീഷന്റെ വെബ്സൈറ്റിന്റെ ഉദ്ഘാടനവും ബിഷപ് മാർ തോമസ് ചക്യത്ത് നിർവഹിച്ചു.



ജാഗ്രതാകമ്മീഷന്റെ വെബ്സൈറ്റിന്റെ ഉദ്ഘാടനം ബിഷപ് മാർ തോമസ് ചക്യത്ത് നിർവഹിക്കുന്നു.

ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ, റവ.ഡോ.ജേക്കബ് സ്രാമ്പിക്കൽ, അഡ്വ.ചാർളി പോൾ, മോൺ. ചെറിയാൻ രാമനാലിൽ, റവ. ഡോ. സക്കറിയാസ് പറനിലം, ഫാ. ജോസഫ് നിക്കോളാസ്, മോൺ.വിൻസന്റ് അറക്കൽ, പി. സി. സിറിയക്, വി. വി. അഗസ്റ്റിൻ, ഡോ. ഏബ്രഹാം ജോസഫ്, ഡോ. ലിസി ജോസ്, എൽസാ ജോസ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിനു ശേഷം രൂപതാതല ജാഗ്രതാ സമിതികളുടെ റിപ്പോർട്ട് രൂപത വക്താക്കൾ അവതരിപ്പിച്ചു. കത്തോലിക്കാസഭയിലെ പബ്ലിക് റിലേഷൻ ഓഫീസർമാരുടെ ദൗത്യങ്ങളെക്കുറിച്ച് റോമിലെ ഗ്രിഗോറിയൻ സർവകലാശാലാ മാധ്യമവിഭാഗം തലവൻ റവ ഡോ.ജേക്കബ് സ്രാമ്പിക്കൽ ക്ലാസ് നയിച്ചു. തുടർന്ന് പൊതുചർച്ചയും കർമ പരിപാടി രൂപീകരണവും നടന്നു. കേരളത്തിലെ 30 രൂപതകളിൽ നിന്നുള്ളവർ പങ്കെടുത്തു.

## കത്തോലിക്കാസഭ രൂപതാ വക്താക്കൾക്കുള്ള മാർഗ്ഗരേഖ

കേരള കത്തോലിക്കാ സഭ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ 30 രൂപതകളിലെ പി.ആർ. ഒ. മാർക്കുള്ള മാർഗ്ഗരേഖ പുറത്തിറക്കി. കേരളത്തിലെ എല്ലാ രൂപതകളിലെയും പി.ആർ.ഒ./സ്പോക്ക്സ് പേഴ്സൻസ് എന്നിവരെ ഏകീകരിക്കുന്ന ചുമതല കെ.സി.ബി.സി ഐക്യ -ജാഗ്രതാ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും. ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ പിതാവാണ്. വൈസ് ചെയർമാൻമാർ മോറാൻ മോർ ബസേലിയൂസ് ക്ലീമിസ് കാതോലിക്കാബാവ, ബിഷപ് തോമസ് ചക്യത്ത്, ബിഷപ് ജോസഫ് കല്ലറങ്ങാട്ട് എന്നിവരാണ്. ഫാ. ജോണി കൊച്ചുപറമ്പിൽ എം. എസ്. റ്റി. ആണ് കമ്മീഷൻ സെക്രട്ടറി.

പി.ആർ. ഒ. മാർക്കുള്ള മാർഗ്ഗരേഖയനുസരിച്ച് എല്ലാ രൂപതകൾക്കും പ്രത്യേക പി.ആർ. ഡിപ്പാർട്ട്മെന്റുകൾ ഉണ്ടായിരിക്കണം. സഭ ചെയ്യുന്ന സേവനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രചാരണം നൽകുന്ന ഉത്തരവാദിത്വം പി.ആർ.ഒ.യിൽ നിക്ഷിപ്തമായിരിക്കും. സമൂഹത്തിലെ വിവിധ കർമമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുമായി നല്ല ബന്ധം പുലർത്തുക, സമൂഹത്തിൽ അനൈക്യമുണ്ടാകുന്ന അനീതി, വർഗ്ഗീയവാദം, മതമൗലീകവാദം, രാഷ്ട്രീയവത്ക്കരണം എന്നിവക്കെതിരെ വിശ്വാസികൾക്ക് അവബോധം നൽകാനുതകുന്ന ജനസമ്പർക്കപരിപാടികൾക്ക് നേതൃത്വം നൽകുക എന്നിവ രൂപതാ പി.ആർ. ഡിപ്പാർട്ട്മെന്റുകളുടെ ഉത്തരവാദിത്വമായിരിക്കും.

രൂപതാ പി.ആർ ഓഫീസിൽ ഒരു റഫറൻസ് ഷെൽഫ്, ദൃശ്യശ്രാവ്യമാധ്യമങ്ങളായ റേഡിയോ, ടി.വി, ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ, പ്രിന്റഡ് ആന്റ് ഇലക്ട്രോണിക് ക്ലിപ്പ്സ് ശേഖരിച്ച് സൂക്ഷിക്കുവാനുള്ള സംവിധാനം എന്നിവ ഉണ്ടായിരിക്കണം. ആവശ്യസമയത്ത് വിവരങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്ന ഒരു റിസേർച്ച് വിംങ്, പി.ആർ.ഒ. യെ സഹായിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ഒരു ഗ്രൂപ്പ് (ടീം ഓഫ് എക്സ്പേർട്ട്സ്), സഭയുടെ നിലപാടറിയിക്കുന്നതിനും മാധ്യമങ്ങളും പൊതുജനങ്ങളുമായി സംവാദത്തിലേർപ്പെടുന്നതിനും മറ്റു ഫലപ്രദമായി ആശയവിനിമയം നടത്തുവാൻ കഴിവുള്ള അൽമായരും സന്യസ്തരുമടങ്ങിയ ഒരു വിഭാഗത്തെ രൂപപ്പെടുത്തിയെടുക്കണം.

പി.ആർ ഓഫീസിന്റെ ഭാഗമായുണ്ടായിരിക്കണം. പ്രധാനപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പി.ആർ ഓഫീസിൽ നിന്ന് പുറപ്പെടുന്ന പ്രതികരങ്ങണൾ സഭാനേതൃത്വം അംഗീകരിച്ചിരിക്കുന്ന വിദഗ്ദ്ധരുമായും ഉപദേശകസമിതിയുമായും ആലോചിച്ചിട്ടായിരിക്കണം. രൂപതകൾക്ക് അകത്തും പുറത്തുമുള്ള എല്ലാ പി.ആർ. ഓഫീസുകളുമായും അടുത്ത ബന്ധം പുലർത്താൻ കഴിയുന്ന സംവിധാനമുണ്ടായിരിക്കണം. മാധ്യമങ്ങളിൽ വരുന്ന പ്രസ്താവനകളും വാർത്തകളും പി.ആർ. ഓഫീസ് സ്ഥിരീകരിക്കേണ്ടതാണ്. പ്രധാനപ്പെട്ട സംഭവങ്ങൾ ഉൾപ്പെടുന്ന ഒരു കലണ്ടർ പി.ആർ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. അനുശോചനങ്ങൾ, അഭിനന്ദനങ്ങൾ, കൃതജ്ഞതകൾ കൃത്യഅവസരങ്ങളിൽത്തന്നെ അറിയിക്കേണ്ടതാണ്. രൂപതയെ സംബന്ധിക്കുന്ന കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ രൂപതാ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ആനുകാലിക പ്രശ്നങ്ങളെ സംബന്ധിക്കുന്ന ചർച്ചകളും സെമിനാറുകളും സമ്മേളനങ്ങളും സംവാദങ്ങളും പി.ആർ. ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA



***********